**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2570** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഇംഗ്ലീഷ് ഇന്ത്യൻ ക്ലേസ് ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ എത്ര പൊതു-സ്വകാര്യമേഖല വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയതെന്ന് വ്യക്തമാക്കുമോ; അടച്ചു പൂട്ടിയ കമ്പനികൾ തുറന്ന് പ്രവർത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളൊന്നും അടച്ചു പൂട്ടിയിട്ടില്ല എന്നാൽ, വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന 19 എം.എസ്.ഇ-കളായ വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്. എന്നാൽ 12443 സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള കൈത്താങ്ങ് സഹായം നൽകി വരുന്നുണ്ട്. പ്രവർത്തനരഹിതമായി തീർന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ മൂലധന ഗ്രാൻറുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായ ത്തോടെ പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതി ലേക്കായി Revival and rehabilitation scheme for defunct MSMEs and cashew Processing units എന്ന പദ്ധതി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട് |
| (ബി) | ഒന്നര വർഷത്തിലേറെയായി നിയമവിരുദ്ധമായി അടച്ചുപൂട്ടിയിട്ടിട്ടുള്ള തിരുവനന്തപുരത്തെ വേളിയിലുള്ള പ്രമുഖ കമ്പനിയായ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേസ് ലിമിറ്റഡ് കമ്പനി തുറന്നു തൊഴിലാളികളുടെ തൊഴിൽ പുനഃസ്ഥാപിക്കാൻ തയ്യാറാകാത്ത മാനേജ്മെന്റിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് കമ്പനി തുറന്നു തൊഴിലാളികളുടെ തൊഴിൽ പുന:സ്ഥാപിക്കാൻ ബഹു.തൊഴിൽവകുപ്പ് മന്ത്രിതലത്തിൽ ചർച്ചകൾ നടന്നുവരുന്നു. ഇ.ഐ.സി.എൽ തൊഴിലാളികളുടെ ലേ ഓഫ് കോമ്പൻസേഷൻ സംബന്ധിച്ച ലേബർ കമ്മീഷണറുടെ അനുരഞ്ജന പരാജയ റിപ്പോർട്ട് ലഭ്യമായത് 11/03/2022 തീയതിയിലെ G.O.(Rt)No.302/2022/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു.കൊല്ലം ലേബർ കോടതിക്ക് അഡ്ജുഡിക്കേഷനായി അയച്ചു കൊടുത്തിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 33 പ്രകാരം ബന്ധപ്പെട്ട അധികാരി മുമ്പാകെ അനുരഞ്ജന ചർച്ച നടന്നു കൊണ്ടിരുക്കുന്നതിനിടയിൽ തൊഴിലാളികൾക്കുമേൽ യാതൊരു വിധത്തിലുള്ള നടപടി എടുക്കുന്നതിലോ പിരിച്ചു വിടുന്നതിനോ പാടില്ലാത്തതാണ്. എന്നാൽ |

| | | | |
|---|---|---|---|
| | | | ഇതിന് വിരുദ്ധമായ നടപടികൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് കണ്ടെത്തിയതായി പരാതി ലഭിച്ചതിനെ തുടർന്ന് മാനേജ്മെന്റിനോട് 15/02/2022 തീയതിയിലെ ഐ.ആർ (4) 17739/2017 നമ്പർ നോട്ടീസ് പ്രകാരം റിപ്പോർട്ട് ആവശ്യപ്പെടുകയും റിപ്പോർട്ട് ലഭിക്കാത്തതിനാൽ മാനേജ്മെന്റിനെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി ലേബർ കമ്മീഷണർ സ്വീകരിച്ചു വരുന്നു. അതോടൊപ്പം ടി സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പു വച്ച ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പിലാക്കാത്ത മാനേജ്മെന്റിനെതിരെ തൊഴിൽ വകുപ്പിൽ നിന്നും 25/02/2022 തീയതിയായി ഐ.ആർ (4)17739/2017 നമ്പർ പ്രകാരം ഷോക്കോസ് നോട്ടീസ് നൽകുകയും ടി കരാറിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കണമെന്നും അല്ലെങ്കിൽ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ തൊഴിൽ വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (സി) | ഇ.ഐ.സി.എൽ വേളി, തോന്നയ്ക്കൽ ഫാക്ടറികളിലെ തൊഴിലാളികൾക്ക് വേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പുവെച്ച ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പിലാക്കാത്ത മാനേജ്മെന്റിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (സി) | ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് കമ്പനി തുറന്നു തൊഴിലാളികളുടെ തൊഴിൽ പുന:സ്ഥാപിക്കാൻ ബഹു.തൊഴിൽവകുപ്പ് മന്ത്രിതലത്തിൽ ചർച്ചകൾ നടന്നുവരുന്നു. ഇ.ഐ.സി.എൽ തൊഴിലാളികളുടെ ലേ ഓഫ് കോമ്പൻസേഷൻ സംബന്ധിച്ച ലേബർ കമ്മീഷണറുടെ അനുരഞ്ജന പരാജയ റിപ്പോർട്ട് ലഭ്യമായത് 11/03/2022 തീയതിയിലെ G.O.(Rt)No.302/2022/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു.കൊല്ലം ലേബർ കോടതിക്ക് അഡ്ജൂഡിക്കേഷനായി അയച്ചു കൊടുത്തിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 33 പ്രകാരം ബന്ധപ്പെട്ട അധികാരി മുമ്പാകെ അനുരഞ്ജന ചർച്ച നടന്നു കൊണ്ടിരുക്കുന്നതിനിടയിൽ തൊഴിലാളികൾകുമേൽ യാതൊരു വിധത്തിലുള്ള നടപടി എടുക്കുന്നതിലോ പിരിച്ചു വിടുന്നതിനോ പാടില്ലാത്തതാണ്. എന്നാൽ ഇതിന് വിരുദ്ധമായ നടപടികൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് കണ്ടെത്തിയതായി പരാതി ലഭിച്ചതിനെ തുടർന്ന് മാനേജ്മെന്റിനോട് 15/02/2022 തീയതിയിലെ ഐ.ആർ (4) 17739/2017 നമ്പർ നോട്ടീസ് പ്രകാരം റിപ്പോർട്ട് ആവശ്യപ്പെടുകയും റിപ്പോർട്ട് ലഭിക്കാത്തതിനാൽ മാനേജ്മെന്റിനെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി ലേബർ കമ്മീഷണർ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം ടി സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പ് വച്ച ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പിലാക്കാത്ത മാനേജ്മെന്റിനെതിരെ തൊഴിൽ വകുപ്പിൽ നിന്നും 25/02/2022 തീയതിയായി ഐ.ആർ (4)17739/2017 നമ്പർ പ്രകാരം ഷോക്കോസ് നോട്ടീസ് നൽകുകയും ടി കരാറിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കണമെന്നും അല്ലെങ്കിൽ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ തൊഴിൽ വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ഡി) | ഇ.ഐ.സി.എൽ നടത്തിവരുന്ന തൊഴിലാളി വിരുദ്ധവും ദ്രോഹപരവുമായ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (ഡി) | ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ് കമ്പനി തുറന്നു തൊഴിലാളികളുടെ തൊഴിൽ പുന:സ്ഥാപിക്കാൻ ബഹു.തൊഴിൽവകുപ്പ് മന്ത്രിതലത്തിൽ ചർച്ചകൾ നടന്നുവരുന്നു. ഇ.ഐ.സി.എൽ തൊഴിലാളികളുടെ ലേ ഓഫ് കോമ്പൻസേഷൻ സംബന്ധിച്ച ലേബർ കമ്മീഷണറുടെ അനുരഞ്ജന പരാജയ റിപ്പോർട്ട് ലഭ്യമായത് 11/03/2022 തീയതിയിലെ G.O.(Rt)No.302/2022/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു.കൊല്ലം ലേബർ കോടതിക്ക് അഡ്ജുഡിക്കേഷനായി അയച്ചു കൊടുത്തിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 33 പ്രകാരം ബന്ധപ്പെട്ട അധികാരി മുമ്പാകെ അനുരഞ്ജന ചർച്ച നടന്നു കൊണ്ടിരുക്കുന്നതിനിടയിൽ തൊഴിലാളികൾക്കുമേൽ യാതൊരു വിധത്തിലുള്ള നടപടി എടുക്കുന്നതിലോ പിരിച്ചു വിടുന്നതിനോ പാടില്ലാത്തതാണ്. എന്നാൽ ഇതിന് വിരുദ്ധമായ നടപടികൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് കണ്ടെത്തിയതായി പരാതി ലഭിച്ചതിനെ തുടർന്ന് മാനേജ്മെന്റിനോട് 15/02/2022 തീയതിയിലെ ഐ.ആർ (4) 17739/2017 നമ്പർ നോട്ടീസ് പ്രകാരം റിപ്പോർട്ട് ആവശ്യപ്പെടുകയും റിപ്പോർട്ട് ലഭിക്കാത്തതിനാൽ മാനേജ്മെന്റിനെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി ലേബർ കമ്മീഷണർ സ്വീകരിച്ചു വരുന്നു. അതോടൊപ്പം ടി സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വേണ്ടി തൊഴിൽ വകുപ്പുമായി മാനേജ്മെന്റ് ഒപ്പ് വച്ച ത്രികക്ഷി കരാർ കാലാവധി കഴിഞ്ഞിട്ടും നടപ്പിലാക്കാത്ത മാനേജ്മെന്റിനെതിരെ തൊഴിൽ വകുപ്പിൽ നിന്നും 25/02/2022 തീയതിയായി ഐ.ആർ (4)17739/2017 നമ്പർ പ്രകാരം ഷോക്കോസ് നോട്ടീസ് നൽകുകയും ടി കരാറിൽ പറഞ്ഞിരിക്കുന്ന എല്ലാ നിബന്ധനകളും |

| | | | |
|---|---|---|---|
| | | | പാലിക്കണമെന്നും അല്ലെങ്കിൽ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ തൊഴിൽ വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ